കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്-നിയോജകമണ്ഡല ആസ്തിവികസനപദ്ധതി 2016-17- അഡ്വ.കെ.കെ.രാമചന്ദ്രൻ നായർ,എം.എൽ.എയുടെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 'സൂര്യപ്രഭ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1771/2017/തസ്വഭവ തിരുവനന്തപുരം, തീയതി,29.05.2017**

================================================================================

പരാമർശം:
1. സ.ഉ.(സാധാ)നം:332/12/ ധന തീയതി 11-06-2012
2. അഡ്വ.കെ.കെ.രാമചന്ദ്രൻ നായർ എം.എൽ.എ.യുടെ 23.03.2017-ലെ CGNR(ADS.01)2016-17 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 17-04-17-ലെ ഡി.ബി.2-3068/ 17/ സി.ഇ./ ത.സ്വ.ഭ.വ നമ്പർ കത്ത്

## ഉത്തരവ്

ചെങ്ങന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.കെ.കെ.രാമചന്ദ്രൻ നായർ എൽ.എയുടെ നിയോജകമണ്ഡലആസ്തിവികസനപദ്ധതിയിൽ ഉൾപ്പെടുത്തി 64.80 ലക്ഷം രൂപ ചെലവിൽ സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പരാമർശം (2)പ്രകാരമുള്ള എം.എൽ.എ യുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയർ പരാമർശം (3)പ്രകാരം വിശദമായ എസ്റ്റിമേറ്റും ചെക്ക് ലിസ്റ്റും സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ, ചെങ്ങന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.കെ.കെ.രാമചന്ദ്രൻ നായർ എം.എൽ.എ.യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള 'സൂര്യപ്രഭ' പദ്ധതി 64.80 ലക്ഷം രൂപ (അറുപത്തിനാല് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ചെലവിൽ നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു..

3. ഇത് സംബന്ധിച്ച ചെലവ് '4515-00-800-96 പ്രോജക്ട്സ് അണ്ടർ എൽ.എ.സി.- എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എ.ഷാജഹാൻ**
**സെക്രട്ടറി**

1. അഡ്വ.കെ.കെ.രാമചന്ദ്രൻ നായർ എം.എൽ.എ.(ആമുഖ കത്ത് സഹിതം)
2. ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

4. ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണം ,തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് എൻജിനിയർ,ആലപ്പുഴ ജില്ലാ പഞ്ചായത്ത്
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
8. ഡയറക്ടർ(ട്രഷറി),തിരുവനന്തപുരം.
9. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ